വാഴമുട്ടം ഗവൺമെൻറ് യു. പി. എസ്. ഹൈസ്കൂൾ ആക്കുവാനുള്ള നിവേദനം

169 [183] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം പഞ്ചായത്തിലെ വാഴമുട്ടം ഗവൺമെൻറ് യു.പി. എസ്. ഹൈസ്കൂൾ ആയി ഉയർത്തണം എന്ന നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഹൈസ്കൂൾ ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട്

170 [184]. ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിശേഷയ്യാ കമ്മീഷനെ നിയമിച്ചത് ആരാണെന്നും നിശ്ചയിച്ച തീയതി എന്നാണെന്നും ആ കമ്മീഷനിൽ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൽ പ്രധാനപ്പെട്ടവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ കേരള ഗവൺമെൻറ് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ശുപാർശകളാണെന്നു വ്യക്തമാക്കുമോ;

(ഡി) ആദിശേഷയ്യാ കമ്മീഷൻ വിദ്യാഭ്യാസ കമ്മീഷനാണോ അതോ യൂണിവേഴ്സിറ്റി റിവ്യൂ കമ്മീഷനാണോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡോക്ടർമാർക്കും ആദിശേഷയ്യാ ചെയർമാനായുള്ള കമ്മീഷനെ 5-3-1984-ൽ സർക്കാർ നിയമിച്ചു. ചെയർമാനെ കൂടാതെ പ്രൊഫസർ വി.വി. ജോൺ, ഡോ. പി.ടി. ചാണ്ടി എന്നിവർ മെമ്പർമാരായിരുന്നു.

(ബി) കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ഇതിൻമേലുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) കേരള, കോഴിക്കോട് സർവ്വകലാശാലാനിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ഈ സർവ്വകലാശാലകളുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കാൻ നിയമിക്കപ്പെട്ട കമ്മീഷനാണ് ആദിശേഷയ്യാ കമ്മീഷൻ.

LIBRARY ARCHIVES Kerala Legislative Assembly